15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773 11-10-2024 - ൽ മറുപടിയ്ക്ക്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗനവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി ഹെൽപ്പർ, വർക്കർ എന്നിവർക്ക് എത്ര രൂപ വീതം പെൻഷൻ ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | **വനിതാശിശുവികസന വകുപ്പിനു കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നും യഥാക്രമം 2,500/- രൂപയും 1,500/- രൂപയും പ്രതിമാസ പെൻഷൻ നൽകിവരുന്നു.** |
| (ബി) | ഇത്തരത്തിൽ ലഭിക്കുന്ന ഹെൽപ്പർ പെൻഷൻ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **9387 അങ്കണവാടി വർക്കർമാർക്കും 9030 അങ്കണവാടി ഹെൽപ്പർമാർക്കും പെൻഷൻ വിതരണത്തിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 33115 അങ്കണവാടികളിൽ നിന്നും ആകെ 29262 അങ്കണവാടി വർക്കർമാരും 25868 അങ്കണവാടി ഹെൽപ്പർമാരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. വർക്കർമാരിൽ നിന്നും ഹെൽപ്പർമാരിൽ നിന്നും പ്രതിമാസം യഥാക്രമം 500/- രൂപയും 250/- രൂപയും വീതം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നുണ്ട്. പ്രതിമാസം ക്ഷേമനിധി ബോർഡിന് ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ വിതരണത്തിനുമാത്രമായി 3,90,25,500/- രൂപ ചെലവാകുന്നു. അതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽ നിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽ നിന്നും സ്ഥിരനിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശയിൽ നിന്നും മാത്രമാണ്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ചു വരുന്ന ചെലവ്** |

| | | | |
|---|---|---|---|
| | | | ബോർഡിന് വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം നല്കുന്നതിനായി നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിടുന്നത്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 3,78,00,000/- രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | എത്ര പേർക്കാണ് നിലവിൽ ഹെൽപ്പർ പെൻഷൻ മുടങ്ങിയിട്ടുള്ളതെന്നും ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (സി) | 9387 അങ്കണവാടി വർക്കർമാർക്കും 9030 അങ്കണവാടി ഹെൽപ്പർമാർക്കും പെൻഷൻ വിതരണത്തിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 33115 അങ്കണവാടികളിൽ നിന്നും ആകെ 29262 അങ്കണവാടി വർക്കർമാരും 25868 അങ്കണവാടി ഹെൽപ്പർമാരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. വർക്കർമാരിൽ നിന്നും ഹെൽപ്പർമാരിൽ നിന്നും പ്രതിമാസം യഥാക്രമം 500/- രൂപയും 250/- രൂപയും വീതം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നുണ്ട്. പ്രതിമാസം ക്ഷേമനിധി ബോർഡിന് ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ വിതരണത്തിനുമാത്രമായി 3,90,25,500/- രൂപ ചെലവാകുന്നു. അതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽ നിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽ നിന്നും സ്ഥിരനിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശയിൽ നിന്നും മാത്രമാണ്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ച വരുന്ന ചെലവ് ബോർഡിന് വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം നല്കുന്നതിനായി നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിടുന്നത്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും |

| | | | |
|---|---|---|---|
| | | | **ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 3,78,00,000/- രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ